**പതിനാലാം കേരള നിയമസഭ**

**1-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** 11.07.2016-ൽ

**ചോദ്യം നമ്പർ.939** **മറുപടിക്ക്**

**മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

**ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

**ചോദ്യം** **ഉത്തരം**

ശ്രീ.അബ്ദുൽ ഹമീദ് പി. ശ്രീ. ഇ. ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുകയുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) | മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ 54,78,78,324/- (അമ്പത്തിനാല് കോടി എഴുപത്തിയെട്ട് ലക്ഷത്തി എഴുപത്തി എട്ടായിരത്തി മുന്നൂറ്റി ഇരുപത്തിനാല് ) രൂപ ഉണ്ട്. |
| (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കിയതെന്നും ഇനിയും പൂർത്തിയാക്കാനുള്ളവ എത്ര യെന്നും വ്യക്തമാക്കുമോ; | (ബി) | വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം പ്രവൃത്തികളൊന്നും പൂർത്തിയാക്കിയിട്ടില്ല. നിലവിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി യിട്ടില്ല. |
| (സി) | മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട കാരാട്ട് കടവ്, മാപ്പിളത്തൊട്ടുകടവ്, എട്ടിയാട്ട് കടവ്, വേങ്ങഴിയിൽ കടവ് , വെന്നലപ്പറമ്പ് കടവ്, മാസറം കടവ് എന്നീ ആറ് കുളിക്കടവുകൾ ആർ എം എഫ് -ൽ നിന്നും | (സി) | മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽപ്പെട്ട കാരാട്ട് കടവ്, മാപ്പിളത്തൊട്ടുകടവ്, എട്ടിയാട്ട് കടവ്, വേങ്ങഴിയിൽ കടവ് , വെന്നലപ്പറമ്പ് കടവ്, മാസറം കടവ് എന്നീ ആറ് കുളിക്കടവുകൾ സംരക്ഷിക്കുന്നതുമായി |

| | | | |
|---|---|---|---|
| | തുക ഉപയോഗിച്ച് റിപ്പയർ ചെയ്യണമെന്ന ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസലിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവർത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | ബന്ധപ്പെട്ട പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിലേക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | മൂന്നിയൂർ ഗ്രാമ പഞ്ചായത്തിനെയും പരപ്പനങ്ങാടി നഗര സഭയേയും ബന്ധിപ്പിച്ചു കൊണ്ട് മണലെപ്പാടം കടവിലോ എടത്തിരുത്തി കടവിലോ തടയണ നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ